## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1027 | 28-04-2017 -ൽ മറുപടിക്ക്

## വരൾച്ചമൂലമുള്ള കൃഷിനാശത്തിനു കേന്ദ്രസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) |
| എ) | 2016-17 ലെ കടുത്ത വരൾച്ചമൂലം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; | എ) | 41592.3 ഹെക്ടർ സ്ഥലത്തെ കൃഷി നാശമാണ് ഈ വരൾച്ചയിൽ ഉണ്ടായിട്ടുള്ളത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് ഇത് 57.35 കോടി രൂപയുടെ നഷ്ടമാണ്. |
| ബി) | മുമ്പെങ്ങുമില്ലാത്ത കടുത്ത വരൾച്ചയും കൃഷിനാശവും അനുഭവപ്പെട്ടത് കണക്കിലെടുത്ത് കേന്ദ്ര സഹായം അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | 2017 മാർച്ച് 28 ന് ബഹു: കേന്ദ്ര കൃഷി മന്ത്രി രാധമോഹൻസിംഗിനെ സന്ദർശിച്ച് ബഹു: റവന്യൂ വകുപ്പ് മന്ത്രിയും, ബഹു: കൃഷി മന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഏപ്രിൽ 19 മുതൽ 21 വരെ തീയതികളിൽ വരൾച്ച സ്ഥിതി വിലയിരുത്തുന്നതിന് കേന്ദ്ര സംഘം കേരളം സന്ദർശിച്ചിരുന്നു. |
| സി) | ഉണ്ടെങ്കിൽ കേന്ദ്ര സഹായമായി എത്ര കോടി രൂപ ഇതിനകം അനുവദിച്ചുകിട്ടിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | സി) | നിലവിൽ കേന്ദ്രത്തിൽ നിന്നും അധിക ധനസഹായമായി തുക ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ